465
12.01.2021

ഇ 17878/2020 **ഭരണഭാഷ-മാതൃഭാഷ**

താലൂക്ക് ഓഫീസ്, തൃശ്ശൂർ,
പിൻകോഡ് : 680020
ഫോൺ നം. : 0487-2322171
Email : erotsr@gmail.com
തീയതി : 13/12/2020

പ്രേഷകൻ,

**ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ**
&
**തഹസിൽദാർ, തൃശ്ശൂർ.**

സ്വീകർത്താവ്,

......................
......................

സർ,

വിഷയം : **സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ യജ്ഞം-2021 - 18 വയസു പൂർത്തിയാകുന്ന അർഹരായ എല്ലാവോട്ടർമാരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.**

സൂചന : 1. **ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ 07.08.2020 ലെ 23/2020/ഇ.ആർ.എസ് നം.കത്ത്.**
2. ബഹു. ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ 12/12/20 തീയതി നടന്ന ഓൺലൈൻ മീറ്റിങ്ങിലെ നിർദ്ദേശം.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ യജ്ഞം -2021 ന്റെ ഭഗമായി, 01.01.2021 നോ അതിനുമുൻപോ 18 വയസു പൂർത്തിയാകുന്ന അർഹരായ എല്ലാ ണരൻമരെയും ഉൾപ്പെടുത്തി രാജ്യത്താകമാനം പുതിയ വോട്ടർ പട്ടിക തയ്യാറാക്കുകയാണ്. മേൽ സാഹചര്യത്തിൽ, നേരത്തെ വോട്ടർ പട്ടികയിൽ ഉൾപ്പെടാത്തവരും, താങ്കളുടെ സ്ഥാപനത്തിൽ പഠനം നടത്തി വരുന്നവരും ഈ അധ്യയന വർഷത്തിൽ പ്രവേശനം തേടുന്നവരുമായ എല്ലാ വിദ്യാർത്ഥികളോടും മേൽ വിവരം അറിയിക്കുന്നതിന് താൽപര്യപ്പെടുന്നു. www.nvsp.in എന്ന വെബ് സൈറ്റ് മുഖാന്തിരമോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ പൗരന്മാർക്ക് നേരിട്ട് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് സാധ്യമാകുന്നതാണ്. കൂടാതെ, ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമയിൽ വിവരങ്ങൾ ലഭ്യമാക്കിയാൽ താലൂക്ക് (ഇ ആർ ഒ) തഹസിൽദാർ ഓഫീസിൽ നിന്നും ബന്ധപ്പെട്ട പൗരന്റെ പേര് വോട്ടർ പട്ടികയിൽ ചേർക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

മേൽ വിഷയത്തിൽ ചുമതലകൾ ഉത്തരവദിത്തത്തോടെ നിർവ്വഹിക്കുന്നതിനും, ഈ കര്യാലയവുമായി സുഗമമായി ആശയവിനിമയം നടത്തുന്നതിനായും താങ്കളുടെ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും, പ്രസ്തുത ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക പദവി, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവയും ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കുന്നതിന് അഭ്യർത്ഥിക്കുന്നു. മേൽ പറഞ്ഞ വിവരങ്ങൾ thrissurtalukelection@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കുന്നതിന് താൽപര്യപ്പെടുന്നു.

സംസ്ഥാനനിയമസഭയിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2021 മെയ് മാസത്തിനകം നടക്കുമെന്നതിനാൽ പ്രസ്തുത ജനാധിപത്യ പ്രക്രിയയിൽ ഒരു സമ്മതിദായകനും ഒഴിവാക്കപ്പെടരുത് എന്ന ലക്ഷ്യം മുൻനിർത്തി സംഘടിപ്പിച്ചിട്ടുള്ള ഈ യജ്ഞത്തിൽ താങ്കളുടേയും താങ്കളുടെ സ്ഥാപനത്തിന്റെയും ആത്മാർത്ഥമായ സഹകരണവും സഹായവും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ
&
തഹസിൽദാർ, തൃശ്ശൂർ

ഉള്ളടക്കം: 1. അനുബന്ധം I -പ്രൊഫോർമ
2. അനുബന്ധം II- പ്രൊഫോർമയോടൊപ്പം തിരികെ സമർപ്പിക്കേണ്ട രേഖകളുടെ വിവരം.

പകർപ്പ്-എല്ലാ വില്ലേജ് ഓഫീസർമാർക്കും (വിദ്യാഭ്യാസ സ്ഥാപന മേധാവിമാർക്ക് നടത്തി മടക്കുന്നതിന്).

To college website & all depts
Vn 6/1/21

അനുബന്ധം I

പ്രൊഫോർമ

സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ യജ്ഞം-2021

താലൂക്ക് (ഇ ആർ ഒ) ഓഫീസ് മുഖാന്തിരം വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനാവശ്യമായ വിവരങ്ങൾ

(അനൗദ്യോഗികം)

| | | |
|---|---|---|
| 1. | വ്യക്തിയുടെ പേര് - മലയാളത്തിൽ | |
| | Name of applicant in English | |
| 2. | രക്ഷിതാവിന്റെ പേര് -മലയാളത്തിൽ | |
| 3. | Relation Name in English | |
| 4. | Relation type (father/mother/others) | |
| 5. | Gender | |
| 6. | DOB | |
| 7. | Age | |
| 8. | Mobile No. | |
| 9. | Name of LAC in which the applicant is residing | |
| 10. | Email Id | |
| 11. | House name | |
| 12. | Street/area | |
| 13. | Post Office | |
| 14. | Village/Town | |
| 15. | Pin Code | |
| 16. | Reference Voter's ID* | |

( *- നിലവിൽ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുള്ള അപേക്ഷകന്റെ കുടുംബാംഗമോ അയൽവാസിയോ ആയ ഒരു വ്യക്തിയുടെ Voter's ID നമ്പർ )

Date:

Place:

Applicant's Signature

അനുബന്ധം II

<u>പ്രൊഫോർമയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>

1. താമസം തെളിയിക്കുന്നതിനാവശ്യമായ രേഖ ( റേഷൻ കാർഡ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് മുതലായവ)
2. ജനനത്തീയതി തെളിയിക്കുന്നതിനാവശ്യമായ രേഖ (SSLC സർട്ടിഫിക്കറ്റ്, ജനനസർട്ടിഫിക്കറ്റ് മുതലായവ)
3. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗത്തിന്റെയോ അയൽവാസിയുടേയോ തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് നമ്പർ
4. പാസ്പോർട്ട് സൈസ് ഫോട്ടോ- ( **size below 5 mb in JPG or JPEG format.**)